# നർത്തകി

ചങ്ങമ്പുഴ

Digitized By Kerala Sahitya Akademi

# നർത്തകി

[ഒരു സ്വപ്നകാവ്യം]

Digitized By Kerala Sahitya Akademi

# NARTHAKI

## [ POEM ]

*By*

CHANGAMPUZHA KRISHNA PILLAI

*Third Impression—January, 1963*

*One Thousand Copies*

PUBLISHERS:

THE MANGALODAYAM (PRIVATE) LTD.,

TRICHUR-1.

Price: 0-75

Printed at the Mangalodayam Press, Trichur.

Digitized By Kerala Sahitya Akademi

# നർത്തകി

[ഒരു സ്വപ്നകാവ്യം]

ഗ്രന്ഥകർത്താ:

ചങ്ങമ്പുഴ കൃഷ്ണപിള്ള

പ്രസാധകന്മാർ:

മംഗളോദയം (പ്രൈവററ്) ലിമിററഡ്,

തൃശ്ശിവപേരൂർ.

1963/1138

Digitized By Kerala Sahitya Akademi

1122ൽ എഴുതിയതു്.
മൂന്നാം പതിപ്പു്
1963 ജനുവരി
കോപ്പി 1000

*All rights reserved*
*By*
*Mrs. Sreedevi Changampuzha*

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചതു്

വില:
എഴുപത്തഞ്ചു ന.പ.

Digitized By Kerala Sahitya Akademi

# നർത്തകി

ഇന്ദ്രനീലപ്പീലി നീർത്തി
നിന്നിടുന്നോ, കല്പനേ, നീ?

ആടുകൊന്നെൻമുന്നിൽ വന്നെ,-
ന്നാടൽ തെല്ലൊന്നാറിടട്ടെ.

ഗാനവീചീവീഥികളിൽ
ഞാനുമാടിപ്പോകയല്ലേ?

എങ്ങെവിടേക്കെന്തിനേതിൻ-
ഭംഗിയിലലിഞ്ഞു മായാൻ?

ആരറിഞ്ഞു?—പോരു നീയും
ചാരിമതൻപൊൻകിനാവേ!

*　　　*　　　*



Digitized By Kerala Sahitya Akademi

ഓർക്കുകയാണിന്നു ഞാനാ-
പ്പൂക്കിനാക്കൾ പൂത്ത രാക്കൾ;
മഞ്ഞലിനിലാവിൽ മുങ്ങി
മഞ്ജിമയിൽ വാർന്ന രാക്കൾ;

നീലനിഴൽക്കിന്നരികൾ
നീളെഗ്ഗാനം പെയ്ത രാക്കൾ;
എന്നെ മന്നിൽനിന്നെടുത്തു
വിണ്ണിലേയ്ക്കുറിഞ്ഞ രാക്കൾ;

രാക്കുയിലിൻപാട്ടു മോന്തി
മേല്ക്കുമേൽ മദിച്ച രാക്കൾ!........

വാസനത്തേൻ വീഴ്ത്തി വീഴ്ത്തി
വാടി വാടി വീണ പൂക്കൾ,
കാമദസ്മൃതികൾ പിന്നെ-
ക്കൊള്ളുവാനായ് പോയ പൂക്കൾ,

ഓർക്കുകയാണശ്രു താനേ
വാർക്കുകയാ,ണെന്തിനോ ഞാൻ!
ആ നിശകളെന്റെ മുന്നി-
ലാടിയാടി നില്പൂ മന്നിൽ!........

* * *
* *
*



Digitized By Kerala Sahitya Akademi

കഷ്ടമിന്നതോർത്തിടുമ്പോൾ
പൊട്ടുകയാണെൻെറ ചിത്തം.

ആരറിഞ്ഞു ജീവിതത്തിൽ
ചേരുമോരോ വൈകൃതങ്ങൾ?

കൂട്ടുകാരിമാരുമായി-
ക്കൂട്ടുകൂടിക്കൂടിയാടി

കാട്ടിലെക്കരിങ്കുയിൽപോൽ
പാട്ടുതിന്നു ഞാൻ വളന്നു.

പേടമാൻകിടാവിനെപ്പോ-
ലാടലററു ഞാനലഞ്ഞു.

പിഞ്ചുമല്ലിവല്ലിപോലെ
പുഞ്ചിരിപ്പൂ ഞാൻ ചൊരിഞ്ഞു.

എൻെറ നാടേ, നിന്നുലപ്പാ-
ലുണ്ടെനിക്കെൻ കൺ വിടന്നു.

ഇന്നു, ധന്യേ, നീയെവിടെ?
മന്ദഭാഗ്യ ഞാനെവിടെ?

* * *
* *
*



Digitized By Kerala Sahitya Akademi

വിദ്യുതവിലാസഹാസം
വിസ്തരിക്കും ദീപലക്ഷം
ഭിന്നവർണ്ണരശ്മി ചിന്നി
മുന്നിലെങ്ങും മിന്നി മിന്നി.

ആ മയൂഖസങ്കരമൊ-
രത്ഭുതാഭാധാരയായി.
വങ്ക ചുററിക്കാററലക-
ളങ്കുരിച്ചലഞ്ഞുലാവി

പട്ടുസാരിയൂർന്നൊഴുകി
പൊട്ടു തൊട്ടു പൂക്കൾ ചൂടി
ചഞ്ചലമൈക്കൺമുനയിൽ
പഞ്ചശരതീക്ഷ്ണതയും

ചെഞ്ചൊടിയിൽപ്പുഞ്ചിരിയും
തഞ്ചിടും തൈപ്പെൺകൊടികൾ
വാമപാർശ്വപീഠസജ്ജ-
ഭൂമികയിൽ ചേർന്നിണങ്ങി.

അന്യഭാഗത്താത്തമോദം
ധന്യയുവകോമളന്മാർ
ഒത്തുചേർന്നൊരീ വിശാല-
നൃത്തശാലാവേദികയിൽ,

ദേവലോകസ്വപ്നദീപ്ത-
ഭാവസാന്ദ്രമേഖലയിൽ,



Digitized By Kerala Sahitya Akademi

എന്നുടലിലംശുകശ്രീ
മന്ദഹാസം പെയ്തനില്ലേ,

വജ്രഹാരം വെട്ടിമിന്നി
വക്രതേജോരേഖ ചിന്നി.

അംഗുലീയകങ്കണങ്ങൾ
മംഗളാംശുകന്ദളങ്ങൾ

വീശി വീശി മാരിവിൽച്ചാർ
പൂശിപ്പൂശിപ്പുഞ്ചിരിക്കേ;

പക്കമേളം പെയ്ത താളം
നക്കിയെൻപാദപ്രവാളം

സഞ്ചലിക്കത്തൽക്രമത്തിൽ
പൊൻചിലമ്പൊലിയൊലിക്കേ;

എന്മനസ്സിൻവേദനയെൻ-
കണ്മുനയിൽക്കുമ്പിനില്ലേ,

ഭാവഹാവവീചികളെൻ-
ജീവനിൽനിന്നാഗമിക്കേ;

എന്നിൽനിന്നകന്നകന്നു
തന്നെയെങ്ങോ ചെന്നുചേർന്നു.

ഏതോ ദിവ്യവല്ലകിയെൻ-
ചേതനയാൽ മീട്ടി മീട്ടി

കാണികൾക്കകക്കരുന്നിൽ
പ്രാണഹർഷമാരി വീഴ്ത്തി.



Digitized By Kerala Sahitya Akademi

ഞാനറിയാതെന്നിലേതോ
ഗാനമൂറിയൂറി നില്ക്കേ;

സ്വപ്നനൃത്തമാടി നില്പൂ
വിശ്വചന്ദ്രനർത്തകി ഞാൻ!

*          *          *

എന്മനം ചിറകൊടിഞ്ഞെൻ-
ജന്മഭൂവിൽ വീണടിവൂ.

മഞ്ജുലാവിപ്പൊന്നുഷസ്സിൻ-
മഞ്ജിമയിൽ മുങ്ങി മുങ്ങി,

കന്നിനൊന്നണിയണിയായ്
കുന്നുകൾ നിരന്നു മിന്നി.

കാകളിത്തെളികൾ ചോരും
കാനനാന്തരങ്ങൾതോറും

ചൂളമിട്ടു കാലിമേച്ചും
ബാലകർതൻഗാനമൂറും

താഴ്വരച്ചുരുളുകളിൽ
തങ്കനൂൽക്കസവുകൾപോൽ

ചാലുകളൊലിച്ചുകൂടി-
ച്ചോലയായിപ്പാട്ടുപ്പാടി

ചോലകളോടൊത്തുചേർന്നു
ചേലിയന്ന വാഹിനികൾ.



Digitized By Kerala Sahitya Akademi

ക്ഷാളിതമായ് ശ്യാമസസ്യ-
ശാലികാഢ്യമെൻെറ രാജ്യം.

അന്തിവിണ്ണിൻപ്പൂന്തൊടികൾ-
ക്കെന്തഴകാണെൻെറ നാട്ടിൽ!

കുങ്കുമക്കുഴമ്പണിഞ്ഞു
തങ്കനീരിൽച്ചേർന്നൊഴുകി!

നീലപാലാഫിതോജ്ജ്വലാംശു-
മാലകളുമായിടഞ്ഞു

തെന്നി നീങ്ങിപ്പച്ചയെച്ചെ-
ന്നൊന്നുരുമ്മിച്ചാഞ്ഞൊഴിഞ്ഞു.

പുഷ്യരാഗനീർ നിറഞ്ഞ
പുഷ്കരത്തിൽ നീന്തി മാഞ്ഞു.

അല്പഭിന്നവർണ്ണലക്ഷ-
വിഭ്രമങ്ങൾ പൂത്തുലഞ്ഞു.

അഭ്രപത്രപാളികളി-
ലമ്പിളിപ്പൊൻകുമ്പൊളിഞ്ഞു.

ശാന്തതയിൽ ശാന്തിദ്യുതി
നീന്തിയെത്തും ശംഖനാദം

കാലികൾതൻദീനയാന-
ലോലമണികാണഗാനം

രണ്ടുമൊത്തുചേർന്നു നേർത്തൊ-
രിണ്ടലായ്ച്ചിരിച്ചൊലിക്കേ;



Digitized By Kerala Sahitya Akademi

കണ്ണെടുക്കാൻ തോന്നിടാത്ത
വിണ്ണുമായിട്ടന്തി നില്ക്കേ;

ഒററയായും പററമായും
കൊററികൾ തുടർച്ചയായി-

ട്ടെങ്ങുനിന്നോ പോന്നു പോനി-
ട്ടെങ്ങോ പോകും സ്വപ്നയാനം

ചിത്തരംഗം മർത്ത്യജന്മ-
ത്തപ്തചിന്താസക്തമാകെ;

വർണ്ണലാസ്യം നീങ്ങി നീങ്ങി
വിണ്ണിലങ്ങിങ്ങല്ലൊതുങ്ങി

താരകൾ കിളർന്നു ഭംഗി
താവിനിന്നു കണ്ണു ചിമ്മി

ലാലസിക്കെച്ചന്ദ്രലേഖ
പാലെതിർക്കതിർ പൊഴിക്കെ;

കാററിടയ്ക്കിടയ്ക്കു പുല്കി-
ക്കാടകപ്പടർപ്പിളകി

ഛായമായാന്തരംഗ-
മായ രാജ്യമെൻെറ രാജ്യം.

ഉച്ചവെയ്ലു ചോർന്നിടാത്തോ-
രുച്ചലോച്ചശാഖകളിൽ

കാകളിത്തെളി തുളമ്പും
കാനനാന്തരങ്ങൾതോറും



Digitized By Kerala Sahitya Akademi

നീളെനീളെച്ചൂളമിട്ടു
കാലിമേയ്ക്കും ബാലകന്മാർ

സ്ഫാടികശ്രീ പൂത്തിറങ്ങും
മൂടൽമഞ്ഞിൻമുന്നിലെങ്ങും

കാല്യകാന്തി മോന്തി നില്ക്കും
കായ്കനിത്തൊടികൾതോറും

നീലവേണി കെട്ടഴിഞ്ഞും
ലോലമേനി ചെറ്റുലഞ്ഞും

നെററിയിന്മേൽ സ്വേദജാല-
മിററിയിററി വീണുതിന്നും

നീക്കണങ്ങൾ വീണു വീണു
നിർമ്മലാംശുകം നനഞ്ഞും

നീർക്കുടം ചുമന്നു നില്പോ,
മാർക്കുടം തുളുമ്പി നില്പോ,

തൈച്ചെടി നനയ്ക്കുമോമൽ-
കർഷകപ്പെൺപൂംകൊടികൾ

സസ്യലക്ഷ്മീസേവകന്മാർ
സാത്വികന്മാർ കർഷകന്മാർ

വഞ്ചനയറിഞ്ഞിടാത്ത
നെഞ്ചകങ്ങൾ സുന്ദരങ്ങൾ

'പച്ചിലക്കുടുക്ക' പെയ്യും
സ്വച്ഛഗാനത്തേന്മഴകൾ —



Digitized By Kerala Sahitya Akademi

പ്രാവു ക്കുവും കാവു താവും
പൂവനങ്ങൾ ശീതളങ്ങൾ—

താമര പൂത്താടി നില്ക്കും
ശ്യാമളജലാശയങ്ങൾ—

സൗഹൃദങ്ങൾ, സാന്ത്വനങ്ങൾ
സൗമനസ്യകന്ദളങ്ങൾ

സ്നേഹഭക്തിസേവനങ്ങൾ
മോഹനാദർശാങ്കുരങ്ങൾ!—

എത്ര രമ്യമെൻെറ രാജ്യം!
എത്ര ധന്യമെൻെറ രാജ്യം!

പുണ്യഭൂവേ, ശപ്തയാം ഞാൻ
നിന്നെ വിട്ടകന്നുപോന്നു.

ഇന്നു, ധന്യേ, നീയെവിടെ?
മന്ദഭാഗ്യ ഞാനെവിടെ?

*　　　*　　　*

അംഗജോപമോജ്ജ്വലാംഗ-
നെങ്ങനെ കറുത്തു ദേവൻ!

അപ്രതിമഗാത്രനങ്ങി-
ന്നസ്ഥിമാത്രശേഷനായി!

മിന്നും രണ്ടു താരകൾപോ-
ലിന്നുമുണ്ടാക്കണ്ണുമാത്രം.



Digitized By Kerala Sahitya Akademi

നോക്കിടാതുക്കൺകളാലെൻ-
നേർക്കിനി,ദ്ദഹിച്ചുപോം ഞാൻ.

മാപ്പുപോലും കേണിരക്കാൻ,
മൽപ്രഭോ, ഞാനർഹയല്ല.

എന്നെയങ്ങെൻമുന്നിൽ വന്നു
നിന്നു നോക്കിക്കൊല്ലരുതേ.

*　　　*　　　*

മന്മഥപ്പൊൻചെപ്പുകൾക്കെൻ-
മാറൊരുക്കംകൂട്ടി നില്ക്കേ,

ലജ്ജ പൂത്തുലഞ്ഞു ഞാനൊ-
രപ്സരസ്സായാക്കു തോന്നി?

ആ മനസ്സിൻമാധുരിയി-
ന്നാസ്വദിപ്പതേതു സാധ്വി?

*　　　*　　　*

ആ മിഴിക്കും തേനൊലിക്കു-
മാ മൊഴിക്കും പുഞ്ചിരിക്കും

കീഴമേലോക്കാതെ താനേ
കീഴടങ്ങും സ്ത്രീഹൃദയം.

വഞ്ചകനാണുള്ളതപ്പൂ-
പ്പുഞ്ചിരിക്കു പിന്നിലെന്നാൽ.

എന്തു കാന്തി ദൂരെ നിന്നാൽ!
എന്തു ചെന്തീയൊന്നുചെന്നാൽ!



Digitized By Kerala Sahitya Akademi

"പാട്ട്, ഞാൻ പിന്നൊരുപാട്ടാം."
"പോടി കള്ളീ, പാട്ട വേഗം!"

പാടി ഞാൻ പെൺപൂങ്കുയിൽപോൽ
കൂടിയാരിന്നക്കുയിൽപോൽ!

കൂട്ടിലായിപ്പോയി ഞാനെൻ-
കൂട്ടുകാരനെന്തു പററി?

വഞ്ചകി ഞാൻ ദൈവമേ,യെൻ-
നെഞ്ചിടിപ്പൊട്ടങ്ങിയെങ്കിൽ!

*　　　　*　　　　*

പൊന്നുചട്ടക്കുട മിന്നും
കണ്ണടയും നിൻറ മെയ്യും

വെള്ളമുണ്ടും ഷർട്ടും തോളിൽ
വെള്ളത്തോർത്തും ടോർച്ചുമായി

പൂരലും പുഴററി മെല്ലെ-
ച്ചൂളമിട്ടാരപ്പോവതാരോ?

എൻകുടിൽപ്പനമ്പുവാതി-
ലെന്തിനന്നു പാതി നീന്റു?

ആ മിഴിക്കോണെന്നിലന്നെ-
ന്താത്മഹർഷമാണെന്തറിഞ്ഞു?

*　　　　*　　　　*



Digitized By Kerala Sahitya Akademi

വഞ്ചകി ഞാ,നിഷ്പന്നമെൻ-
നെഞ്ചിടിപ്പൊട്ടങ്ങിയെങ്കിൽ!

* * *

രണ്ടു നീർക്കിളികളൊത്താ-
ക്കണ്ടൽത്തയ്യിൻചാഞ്ഞ കൊമ്പിൽ,
(കൊച്ചലകൾ വന്നു പുല്കി-
പ്പച്ചിലകൾ തന്നിനില്ക്കേ,)
കൊക്കുരുമ്മി,ത്തേഞ്ഞു മായു-
മക്കൊന്തിയാസ്വദിപ്പൂ!
നീർക്കടവും തൂക്കിനിന്നു
പൊൽക്കിനാക്കൾ കാണ്മൂ ഹാ, ഞാൻ!
"ആരുടെയാണീ പ്രപഞ്ചം?"
ആൺകിളിയിച്ചോദ്യമിട്ടു.
"നമ്മുടെയാണീ പ്രപഞ്ചം."
പെണ്മണിക്കിളി പറഞ്ഞു.
"നമ്മുടേതുമാത്രമാണോ?"
"നമ്മുടേതുമാത്രമാണേ!"
"ഈയുലകിലാരു ദൈവം?"
"ഈയുലകിലങ്ങു ദൈവം!"
"എന്നെ നീ മറക്കുകില്ലേ?"
"മന്നിലങ്ങെൻജീവനല്ലേ?"



Digitized By Kerala Sahitya Akademi

കണ്ണിണ നിറഞ്ഞുപോയി,
എന്നെ ഞാൻ മറന്നുപോയി!

"എന്തെടി നീയാററുവക്ക-
ത്തെന്തു കണ്ടരണ്ടുനില്പൂ?

തുള്ളി വെള്ളത്തിന്നുവേണ്ടി-
ത്തൊള്ള വററിത്തന്ത ചാകേ,

പേക്കിനാവും കണ്ടു നില്പൂ
പേപിടിച്ച പ്രേതമേ, നീ!"

ഞെട്ടി ഞാനെൻകൈ തനിയെ
വിട്ടു വീണു മൺകുടവും.

എത്ര ഖണ്ഡ,മെൻമനംപോ-
ലെത്ര ഖണ്ഡമക്കലശം!

'രണ്ടാമമ്മേ, മാപ്പുനല്കു
കണ്ടുപോയ് ഞാൻ സ്വപ്നമല്ലം!'

എന്നെസ്സു കേണു—നാവിൽ
വന്നതില്ലൊരക്ഷരവും!

ആ മിഴിയെരിഞ്ഞെറിഞ്ഞ
തീമഴയിൽ ഞാൻ ദഹിക്കേ;

മൽസ്വാതന്ത്ര്യസ്വീതാഃമതോ
മത്സരമിരമ്പിനിന്നു.

"മത്തുകേറിപ്പേയ്യതിക്കം
മക്കടമല്ലച്ഛനിന്നും............



Digitized By Kerala Sahitya Akademi

നിൻെറ ജാരനായി വെള്ളം
കൊണ്ടുപോരാനാരു പോന്നു?

അച്ഛനെച്ചതിച്ചു നീ, നി-
ന്നിച്ഛകൾ കരിപിടിച്ചു!

ചത്തതിലും കഷ്ടമായി,
ചിത്തശുന്യേ, നീയിരിപ്പൂ.

കന്മഷത്തിൻകാതലേ, നീ-
യെന്മനസ്സിന്നെന്തറിഞ്ഞു?

സ്വേച്ഛ കത്തും കാട്ടുതീയിൽ
മ്ലേച്ഛഭോഗ ത്തീപ്പൊരികൾ

മാലകോർത്തണിഞ്ഞലറും
മത്തയക്ഷിയല്ലേടീ, ഞാൻ.

അക്കിളിയിണയ്ക്കു തുല്യം
നിഷ്കളങ്കജീവിയെന്നെ........

നിർദ്ദയേ, നീ കൊല്ലുകെന്നാൽ
നിത്യകികിരാതനൃത്തം.

നിൻെറ പാപം തിന്നൊടുങ്ങാൻ
നീ ജനിക്കും നൂറു ജന്മം."

•  •  •

അന്തി മാഞ്ഞു, നാലുപാട-
മന്ധകാരമാഞ്ഞണഞ്ഞു.



Digitized By Kerala Sahitya Akademi

നോക്കിനേൻ ഞാൻ പിന്നെയും,മാ
നിക്കിളികളെങ്ങു പോയി?

മിണ്ടിയില്ലാ തീ വമിച്ചും-
കൊണ്ടടനാ യക്ഷി മാറി.

കാററുനിന്നു—കല്ലിലൊന്നി-
ലാററുവക്കിൽ ഞാനിരുന്നു.

താങ്ങാനാവാത്തുള്ള പൊട്ടി-
ത്തേങ്ങിയേങ്ങി ഞാൻ കരഞ്ഞു.

സർവ്വവും മറന്നു ഞാനെൻ-
ദുർവ്വിധിയിലൊട്ടിനിന്നു.

മഞ്ഞു വീണു—തീയുതിർത്തു
മന്മനം—ഹാ, ഞാൻ വിയർത്തു.

കൂരിരുട്ടിൻകട്ടി കൂടി,
താരകളിൽ തങ്കമാടി.

നത്തു മൂളി,ക്കാട്ടുവള്ളി-
പ്പൊത്തിൽ ദൂരെപ്പുള്ളു കൂവി.

ഞെട്ടിയില്ലുറഞ്ഞ മഞ്ഞു-
കട്ടിപോലെ ഞാനിരുന്നു.

ദൂരെദൂരെ കുന്നിൽ മുററും
കൂരിരുട്ടിൻതോട്ട പൊട്ടി

അംശുബീജമൊന്നു വന്നെ-
ന്നന്തികത്തിൽ പാളിവീണോ?



Digitized By Kerala Sahitya Akademi

ചിത്ര,മാഹാ, വീണ വീണി-
ട്ടെത്ര വേഗം നാമ്പു വന്നു.

ഞെട്ടി ഞാൻ.... ചിനപ്പു പൊട്ടി-
പ്പൊട്ടിയേറുമീ വെളിച്ചം

എന്തി,നെന്താ,ണാരറിഞ്ഞു?
ഹന്ത ഞാനൊന്നമ്പരന്നു.

*  *  *

മോദലോലേ, ജീവിതത്തിൻ-
വേദന നീയെന്തറിഞ്ഞു?

നൊന്തിടുമെൻജീവിതം നീ-
യെന്തറിഞ്ഞു, ഭാഗ്യപൂർണ്ണേ?

*  *  *

പുഷ്യരാഗപ്പാറു പൊട്ടി-
പ്പൂമ്പതംഗപാളി പാറി.

മിന്നിടുമിസ്സന്ധ്യപോലെ
മുന്നിലായ് നീ നില്പൂ, ബാലേ!

പോള പൊട്ടിപ്പൂഗപുഷ്പ-
പാളിയൂർന്നഴിഞ്ഞപോലെ

പൂനിലാക്കതിരുതിരു-
മീനിശയും, ചാരെ നീയും.

ജീവിതത്തിൽ നീ,യുഷസ്സേ,
തൂവെളിച്ചം തൂവിവന്നു.



Digitized By Kerala Sahitya Akademi

## നർത്തകി

കണ്മണി നീ വന്നതുതൊ-
ട്ടെന്മനസ്സിൽ പൂവിടർന്നു.

അക്കൊഴിഞ്ഞ പൂക്കളുമായ്
നില്ക്കുമെന്നെ നീ മറന്നോ?

വാടി,യെന്താണെങ്കിലൊന്നു-
കൂടി നോക്കുകീ ദളങ്ങൾ.

നിൻനഖപ്പാടെത്ര ചൂടി
നിന്നവയാണിദ്ദളങ്ങൾ!

ഞെട്ടിടാത്തതെന്തയേ നീ?
ദുഷ്ടയക്ഷിതന്നെയോ നീ?

പുഷ്പകാന്തി രൂപമേന്തി
ഞെട്ടിയ ഞാനെന്തു ഭ്രാന്തി!

അമ്മയല്ലേ, ശപ്തയാമീ-
പ്പൊന്മകൾതന്നമ്മയല്ലേ?

മായുകയായ് രശ്മിയെല്ലാം
ഛായാരൂപംമാത്രമായി.

എങ്കിലുമെന്നമ്മതന്നെ;
എന്തിനയ്യോ, ഭീതി പിന്നെ?

“പൊന്നുമോളേ!”........കോൾമയിർക്കൊ-
ണ്ടൊന്നു ഞാൻ വിളിച്ചു“തമ്മേ!”........

അക്ഷണത്തിൽ കോടികോടി
നക്ഷത്രങ്ങൾ ചേർന്നുകൂടി.



Digitized By Kerala Sahitya Akademi

വിണ്മനസ്സിൻതുംഗമൂറി-
പ്പൊന്നുലപ്പാലായൊഴുകി.

പ്രാണനാളനാവു പൊക്കി
ഞാനതു നുണച്ചിറക്കി.

എൻഞരമ്പിലുണ്മയോടി
നെഞ്ചിടിപ്പിന്നൂക്കു കൂടി.

അമ്മയേക്കാൾ മീതെയായി-
ല്ലിമ്മഹിയിൽ വേറെയൊന്നും.

അമ്മ,യമ്മ മണ്ണടിഞ്ഞോ-
രമ്മ വന്നെൻമുന്നിൽ നില്പൂ!

എന്നുമല്ലെൻതാടി പൊക്കി-
ക്കണ്ണിണയിലുമ്മവെപ്പൂ!

എന്തു ഭാഗ്യം!—എൻെറ കണ്ണിൽ
പൊന്തിവന്നു ബാഷ്പബിന്ദു.

"നിത്യവും നീയാററുവക്ക-
ത്തെത്തിടുമ്പോൾ ഞാനുമെത്തും.

ഒക്കെ ഞാനറിഞ്ഞു, മോളേ;
നില്ക്കരുതു നീയിവിടെ.

നിന്നെയവൻ കൊല്ലു,മിന്നു-
തന്നെ പോണമെങ്ങെങ്കിലും!

പാവം, ചങ്കുടഞ്ഞു ചാകും
പാപംമാത്രം നീ വെറുക്കു!



Digitized By Kerala Sahitya Akademi

നല്ല കാലം വന്നിട്ട,മാ
നല്ല കാലം വന്നിട്ടമ്പോഠം

താഴ്മയെത്തലോടിനില്ക്കും
താഴ്മയാണ മേന്മയോർക്കു!"

ഛായ പോയി— മുന്നിൽനിന്നെൻ-
തായ പോയി—കേണുപോയ് ഞാൻ.

ഇന്ദ്രഗോപപ്പുള്ളിമിന്നു-
മന്ധകാരം പത്തി നീത്തി

ആടലിൻകഴൽവിളിക്കും-
ത്താടിയാടി നില്പു മുന്നിൽ!

മിത്രമേ, നീ നിത്തി നൃത്തം
കൊത്തിയൊന്നു കൊല്ലുകെന്നെ.

നെഞ്ചിടിപ്പൊട്ടങ്ങി നാളെ-
ച്ചെഞ്ചിതയിൽ ഞാനടിഞ്ഞാൽ

എന്നെയോത്തു കേഴാനൊന്നീ
മന്നിലില്ലെനിക്കൊരാളും.

ശപ്ത ഞാ,നെൻജീവിതത്തിൻ-
തപ്തതേ, നീ തിന്നുകെന്നെ!

ചത്തു ജീവിക്കുന്നതേക്കാഠം
ചത്തിടുന്നതാണു ഭേദം.

അച്ഛൻ!—അയ്യോ, ഞാൻ മരിച്ചാ-
ലച്ഛനും കരയുകില്ല.



Digitized By Kerala Sahitya Akademi

ഹൃത്തുടയുമച്ചുന, ച്ചു-
നക്ഷണം ചിരിച്ചുപോകും.

അച്ചിരിതൻമുന്നിൽ നിന്നാ
രക്തയക്ഷി മത്തടിക്കും.

ഇല്ല, ചാകി, ല്ലെന്തി, നെഞ്ഞും
നല്ല കാലം—ഞാനുയരും.

അമ്മ ചൊന്നതത്ഥവത്തായ്
വന്നുചേരും—ഞാനുയരും.

ചിത്തനാഥ, നിന്നുതൊട്ടെൻ-
ചിത്തനാഥൻ വിശ്വനാഥൻ!

എത്ര രമ്യനെത്ര സൗമ്യ-
നെത്ര കാമ്യനെൻെറ നാഥൻ!

എൻെറ നാഥൻ!—നിൻെറ നാഥൻ
നിൻെറ നാഥനാരു, ഫേമേ?

തെററി—അയ്യോ, രോമഹഷം
മുററി മെയ്യിൽ—എന്തു ഗാനം!

അങ്ങു പാടൂ, പാടിടാം ഞാ-
നങ്ങയെ വിട്ടാരു പോകും?

അംഗജോപമോജ്ജ്വലാംഗ-
നങ്ങയെ വിട്ടാരു പോകും?

മംഗളഗാനാൾ ചിത്ത-
നങ്ങയെ വിട്ടാരു പോകും?



Digitized By Kerala Sahitya Akademi

ഗംഗനെന്റെ പ്രാണനല്ലേ?
ഗംഗനെ വിട്ടാരു പോകും?

അങ്ങെനിക്കെൻപ്രാണനാണേ,
അങ്ങയെ വിട്ടാണോ പോണേ?

പോകുകില്ലാ, മാപ്പുനല്കൂ,
പോകുകില്ലെന്നംബികേ, ഞാൻ.

"പിന്നെ—നീ പിന്നെന്തു ചെയ്യും?"
"പിച്ചതെണ്ടി ഞാൻ കഴിയും."

"പിന്തുണയ്ക്കൊരാളു വേണ്ടേ?"
"പിന്തുണയ്ക്കെൻഗംഗനില്ലേ?"

"ഗംഗൻ നിന്നെക്കൈവെടിഞ്ഞാൽ?—"
"ഗംഗനു ഞാൻ ജീവനല്ലേ?"

"നിങ്ങളൊത്താൽ?"—"ഞങ്ങളൊത്താൽ?"
"ഞങ്ങളൊത്താൽ സൽ്ഗ്ഗലബ്ധി!"

സൽ്ഗ്ഗലബ്ധി!—നോക്കകങ്ങൊ-
രുഗ്രഖഡ്ഗം കാണ്മിതോ നീ?

രക്തദാഹം കത്തിടുമ-
തെത്തിനോക്കിനില്പൂ നിന്നെ.

നീ പറക്കൂ!—യക്ഷി യക്ഷി
കോപതപ്തഭീകരാക്ഷി!

മാനസത്തിൽ തീ പടന്നു,
ഞാനുയന്നു, ഞാൻ പറന്നു.



Digitized By Kerala Sahitya Akademi

വിട്ടു ഞാനെൻനാ,ടെനിക്കെൻ-
വിശ്വനാഥൻ ചിത്തനാഥൻ!

*   *   *

ഞെട്ടി ഞാൻ—എൻപിന്നിലയ്യോ,
മുട്ടിനില്പതെന്തു സത്വം?

മദ്യഗന്ധം—“ആരു നീ?”—“ഞാൻ
മൽപ്രിയേ, നിൻപാദദാസൻ!”

നേക്കു നില്ക്കുന്നില്ല ശീഘ്രം,
വേയ്ക്കുകയാണാ സ്വരൂപം.

“ഓമനേ!”—ഞാനാളറിഞ്ഞു
ഭീമകാമധൂമകാമം.

വാസവൻ—ഹാ, സവ്‌നീച-
വാസനയ്ക്കും കുപ്രസിദ്ധൻ.

ദുഷ്ടനയ്യോ, നീങ്ങിയെന്നെ-
ത്തൊട്ടിടാനായ് കൈകൾ നീട്ടി.

ബദ്ധവേഗം ചാഞ്ഞു മാറി
ക്രുദ്ധയായി ഞാനലറി:
“നില്ലവിടെക്കീടമേ, നിൻ-
നീചതയ്ക്കൊരന്തമില്ലേ?
കാമകോമരം നിനക്കി-
ന്നാമലിനയക്ഷിയില്ലേ?

നിസ്സഹായബാലിക ഞാൻ,
നിന്മിഴിയിൽച്ചോരയില്ലേ?



Digitized By Kerala Sahitya Akademi

ഇന്നവൾ പറഞ്ഞയച്ചി-
ട്ടെന്നെ നീ വന്നാക്രമിച്ചു.

എന്നിലുയിരുള്ള നാളെൻ-
കന്യകാത്വം കാത്തിടുവാൻ

പററുകില്ല, നിൻചിടത്വ-
ദംഷ്ട്രകളിളക്കുകിലും!....''

മദ്യമത്തനായിടുമാ
മർക്കടത്തിൻഘാതത്തിൽ—

ധർമ്മരോഷവേപിത ഞാൻ—
എന്മൊഴികൾ പേയിളക്കി.

'എന്തെടി മുഖത്തു നോക്കി-
യെന്തു ചൊന്ന'തെന്നിരമ്പി

എൻെറ നേർക്കാത്താഞ്ഞടുത്തു
കണ്ടകൻ—ഞാൻ കണ്ണടച്ചു.

''അയ്യോ, കൊന്നേ, ദൈവമേ, ഹാ
വയ്യെനി''ക്കീ ദീനനാദം

കർണ്ണചേർന്നുടനെ ഞാനൊ-
രൊച്ച കേട്ടു ഞെട്ടി നോക്കി.

വയ്യെനിക്കെൻഗംഗ,യയ്യോ
കൈയിലുണ്ടൊരുഗ്രദണ്ഡം

കട്ടകെട്ടീ ചോര മണ്ണിൽ;
വെട്ടിയിട്ട തുണ്ടംപോലെ



Digitized By Kerala Sahitya Akademi

ദാരിതശിരസ്സുമായി
ക്രൂരിരുൾപ്പാഴ്പ്പിണ്ഡംപോലെ

വാപൊളിച്ചു കൺതുറിച്ചു
വാസവൻ കിടപ്പു താഴെ!....

ഭീതിദമക്കാഴ്ച കണ്ടെൻ-
ചേതനയ്ക്കു തീപിടിച്ചു.

എന്തു ചൊല്ലാൻ? ശബ്ദശക്തി,
ഹന്ത,യെന്നെക്കൈവെടിഞ്ഞു.

“ഹേമേ, നീയാണെന്റെ ജീവ-
നീ മഹിയിലെന്നുമെന്നും.

ചെല്ലമേ, നിനക്കു നൂനം
നല്ല കാലം വന്നുചേരും.

നിന്നെ വിട്ടു പോകുന്നു ഞാ-
നെന്നെ നീ മറക്കരുതേ!”

“ഒന്നു നില്ക്കൂ, ഗംഗ; ഞാനും
വന്നിടുന്നു നിന്റെ കൂടെ!”

ഏന്തുറക്കെക്കേണു—ശബ്ദ-
മെത്തിയില്ലെൻ നാവിൽമാത്രം.

മിന്നൽപോൽ മറഞ്ഞു ഗംഗൻ,
മുന്നിലയ്യോ, രക്തരംഗം—

എന്തു ചെയ്യാൻ?—തൽക്ഷണമെൻ-
ചിന്ത ചെന്നുറച്ചിതൊന്നിൽ:



Digitized By Kerala Sahitya Akademi

ഇക്ഷണംതൊട്ടെൻറ നാഥ-
നിക്ഷിതിയിൽ വിശ്വനാഥൻ.

ദീനയായ് ഞാൻ, താങ്ങുകെന്നെ,
ഞാനിതാ വരുന്നു നാഥാ!

ഉള്ളെരിഞ്ഞരക്ഷണത്തിൽ
കൊള്ളിമീൻപോൽ ഞാൻ പറന്നു.

* * *

പൂവിരിയുംപോൽ വിളറും
പൂർവ്വദിക്കിൻതെക്കവക്കിൽ

വെള്ളി വന്നു—വെള്ളിവെള്ള-
ത്തുള്ളിപോൽത്തുളുമ്പിനിന്നു.

വായുതുല്യം ചൂളമിട്ടു
പായുകയാണാവിവണ്ടി.

നീക്കതട്ടു താഴ്ത്തിയിട്ടു
വീഴ്പവിട്ടു ഞാനിരിപ്പൂ.

ഉഗ്രസമാ മെത്തയിന്മേൽ
നിദ്രയാണെൻഹൃദ്രമണൻ.

ക്ഷുദ്രയെന്നെയുദ്ധരിക്കും
ഭദ്രനേതോ വൈശ്രവണൻ

ഷൾപദപാളികാമ്പലങ്ങ-
ളൽപലപ്പൂവല്ലികൾപോൽ



Digitized By Kerala Sahitya Akademi

സ്വർണ്ണവർണ്ണശോഭ പൂശി
മിന്നിടുമാ നെറ്റിയിന്മേൽ

കാറ്റിലാഞ്ഞുലഞ്ഞു നില്പൂ
കാർമുടിച്ചുരുൾച്ചുഴികൾ.

താണു പൊങ്ങി, താണു പൊങ്ങി-
ച്ചെന്നൊതുങ്ങിച്ചെന്നിണങ്ങി,

ചെറ്റു മങ്ങി, ച്ചെമ്പവിഴ-
പ്പുറ്റു പൊട്ടാനൊറ്റൊരുങ്ങി.

നിന്നുനിന്നു തിങ്ങിവിങ്ങി
നീന്തു നീന്തു നീങ്ങി വാങ്ങി

ശൈവലശ്രീ ചാർത്തി, ദൂര
ശൈലരേഖാരാശി കാണ്മൂ!—

എത്രയെത്ര നാഴികകൾ-
ക്കപ്പുറത്താണെന്റെ രാജ്യം!

കണ്ടിടാനിടവരുമോ?
വീണ്ടുമെന്റെ ജന്മഗേഹം?

മാനസം മേ സന്ത്രസിപ്പൂ,
ഞാനണഞ്ഞതേതു ലോകം?

കൂടു വിട്ടകന്നിടാത്ത
പേടമാടപ്രാവുപോലെ,

ഇത്ര നാൾ ഞാൻ നാൾകഴിച്ചി-
ട്ടെത്ര വേഗം നാടു വിട്ടു!



Digitized By Kerala Sahitya Akademi

ചെല്ലുവോരാ ദിക്കിലുള്ളാർ
നല്ലകൂട്ടരായിതെങ്കിൽ!

അല്ലലെന്തി,നഞ്ഞെഴുന്നോർ
നല്ലകൂട്ടരായിരിക്കും!

ദീനപാലനോത്സുക ഞാൻ,
ഞാനവർക്കു നന്മ ചെയ്യും.

നാല്ലു നാളിനുള്ളിൽ ഞാനാ
നാട്ടുകാർതൻപ്രാണനാകും!

ഗംഗൻ, അയ്യോ, ദൈവമേ,യെൻ–
ഗംഗനെന്തു സംഭവിക്കും?

ഘാതകൻ!—ഹാ, ദൈവമേ,യെൻ–
നാഥനൊന്നും വന്നിടൊല്ലേ!............

വേണ്ടെനിക്കയൻനാടണ്ട–
ഞാണ്ടുകൊള്ളാം ഞാനിരുളിൽ.

ചാകിലാ,ട്ടീ യാത്രയിൽ ഞേ
പ്പോകണം തിരിച്ചു നാട്ടിൽ.

"വിശ്വനാഥാ!"—രൂക്ഷമായി
വിഹ്വലയായ് ഞാൻ വിളിച്ചു.
സ്വപ്നസാന്ദ്രനിദ്ര വിട്ടാ
സ്വസ്ഥചിത്തൻ ഞെട്ടിയുറു–
"എന്തു, ഹേമേ, നീ വിളിച്ച–
തെന്തു?—നീയുറങ്ങിയില്ലേ?"........



Digitized By Kerala Sahitya Akademi

ദുസ്സഹമാം ദുഃഖമന്തി
നൊസ്സിയെപ്പോൾ ഞാൻ പുലമ്പി:

"നിശ്ചയ,മെനിക്കു പോണ-
മിക്ഷണം തിരിച്ചു നാട്ടിൽ.

വണ്ടിയിനി നില്ക്കും ദിക്കിൽ,
കണ്ടുകൊള്ളൂ, ഞാനിറങ്ങും.

ഏകയായിക്കാൽനടയായ്-
പ്പോകുവൻ ഞാൻ പിച്ചതെണ്ടി!"........

മ്ലാനവക്ത്രനത്തരുണൻ
സാനുഭാവമെന്നോടോതി:

"എന്തു, ഓമനേ, നീ കഥിപ്പ-
തെന്തു? പിച്ചാടണോർത്തുനോക്കൂ!

കാര്യമായ് നീ ചൊന്നതാണോ?
കഷ്ടമിത്ര ബുദ്ധിയില്ലേ?

ഖിന്നതയരുതു ലേശ-
മൊന്നുകൊണ്ടും നിന്മനസ്സിൽ.

നാടു വിട്ടാലെന്തതിലി-
പ്പേടി തോന്നാനെന്തു കാര്യം?

രണ്ടു നാളിലെൻറ നാടും
നിൻറ നാടായ്ത്തന്നെ തോന്നും.

അന്തമററ ഭാഗ്യജാലം
സന്തതസപര്യമൂലം



Digitized By Kerala Sahitya Akademi

ചേടികൾപോൽ പ്രചേദിയാം നിൻ-
ചേവടിയിൽക്കാവൽനില്ക്കും!

അത്ര നീ കൊതിച്ച വാഴ്ത്തും
നൃത്തവിദ്യാശിക്ഷയേകാൻ,

എത്രയോ കലാപ്രവീണർ
നിത്യമെത്തും നിന്നരികിൽ.

തത്സമർത്ഥശിക്ഷണത്തി-
ലുത്സുകനിന്നുദ്ഗതിയിൽ,

ഉത്തമേ, രണ്ടാണ്ടിനുള്ളിൽ
നൃത്തറാണിയായിടും നീ.

കർമ്മബന്ധശക്തിയൊന്നാൽ,
കണ്മണി, നാമൊത്തുകൂടി;

ഒത്തുതന്നെ വാഴ്ക നമ്മൾ
മൃത്യുവെത്തും നാൾവരേക്കും!

നിന്നെ ഞാനെൻജീവനെപ്പോൽ-
ത്തന്നെയോർക്കുമിന്നുമെന്നും.

വീട്ടിൽ വീണ്ടും പോണമെന്നോ?........
വീടു നിൻനരകമല്ലേ?

മൽഗൃഹേ നിന്നാഗമാർത്ഥം
സ്വർഗ്ഗമെത്തിക്കാത്തുനില്ക്കേ,

കണ്ട ഭാവം കാട്ടിടാതെ
മണ്ടുകയോ മൂഢപോൽ നീ?



Digitized By Kerala Sahitya Akademi

ശങ്കയെല്ലാം ദൂരെ മാറും,
നിൻകരളിൽ ശാന്തി ചൂട്ടു!

വന്ധ്യയായ് വിധവയാമൊ-
രന്ധയാമെന്നഗ്രജയാൽ

കാമനിക്കപ്പെട്ട വാഴും
മാമകപ്രണയിനിയെ

അല്ലലേതു വന്നു തീണ്ടാൻ?
ചെല്ലമേ, നീയാശ്വസിക്കു!........"

തന്മൊഴിത്തേൻതുള്ളികളി-
ലെന്മനസ്സലിഞ്ഞു പോയി.

എന്തുമാട്ടെ, പോകതന്നെ,
ഹന്തയെന്നാലാ രഹസ്യം!........

— വെക്കമാ രഹസ്യമിപ്പോഴും
വെട്ടി വിളിച്ചോടിയാലോ?

ചാതകി ഞാനാ,മൊരുഗ്ര-
ഘാതകൻതൻകൂട്ടുകാരി.

കൂട്ടുകാരി! — കേവലം നീ
കൂട്ടുകാരിമാത്രമാണോ?...........

പിന്നെയല്ലേ? — വേറെയാരാ-
ണൊന്നു ചൊല്ലു നിർമ്മല ഞാൻ!........

നിത്യ ധൂർത്തേ, നിർത്തടീ, നിൻ-
നിർമ്മലതാപ്പൊഴ്‌പ്രസംഗം...........



Digitized By Kerala Sahitya Akademi

എന്നുമാ,ട്ടിച്ചിന്ത കത്തി
വെന്തു വെന്തു ഞാൻ മരിക്കാം.

എങ്കിലും ഞാൻ വിട്ടിടുകി-
ല്ലെൻകരൾ വിട്ടാ രഹസ്യം!........

വണ്ടി നിന്നു—ദൂരെ, വിണ്ണിൽ
ചെണ്ടുകൾ വിടർന്നടർന്നു.

മന്ദമവെൺമലിൻമാറിൽ മൂടൽ-
മഞ്ഞലിഞ്ഞൊഴിഞ്ഞു ചാഞ്ഞു.

അല്പമായ്ക്കരിന്ന മണ്ണിൽ
സ്വപ്നകല്പസൗമ്യഗന്ധം

തെല്ലണിഞ്ഞലഞ്ഞണഞ്ഞു
മെല്ലെ മെല്ലെ മന്ദവാതം.

വണ്ടി പോംവഴിക്ക, വക്കിൽ
നീണ്ടുപോമപ്പാതകളിൽ,

വാലിളക്കിക്കൊക്കുരുമ്മി
വാശിയിൽ ചിലച്ചിണങ്ങി

പാറി വന്നു ചേർന്നിരിപ്പൂ
പററമായ് പനങ്കിളികൾ!

ആവരണചിഹ്നതുല്യ-
മഗ്രഭാഗം കൂർത്ത കൊമ്പും

ബന്ധിതമുഖമലണ്ടാ
ബന്ധുരമാം കണ്ണുമായ്,



Digitized By Kerala Sahitya Akademi

വണ്ടിയും വലിച്ചുകൊണ്ടു
മണ്ടിടുന്ന കാളകളെ
ചാട്ടവാറടിച്ചു വേഗം-
കൂട്ടിടുന്നു വണ്ടിക്കാരൻ!
രണ്ടുപാടും പാതവക്കിൽ-
ക്കണ്ടിടുമത്തോപ്പുകളിൽ
മൺകുടവുമേന്തി നാടൻ-
മങ്കമാർ നനച്ചു നില്പൂ!
ഇമ്പമോടിരമ്പിയെത്തും
തുമ്പികളാലാവൃതമായ്
കാണ്മൂ, കാററിൽച്ചില്ലയാടി-
ക്കായിടുന്ന നാരകങ്ങൾ!—

വണ്ടി നീങ്ങി—യെന്മനസ്സി-
ലിണ്ടൽ ചെറെറാഴിഞ്ഞടങ്ങി!........

* * *

വിശ്രുതമഹാനഗരം
വിത്തനാഥൻതൻനികേതം.
വിശ്വനാഥനെൻെറ നാഥൻ
വിത്തനാഥൻ!—പ്രിയയായ് ഞാൻ!
പ്രിയയായ് ഞാൻ മത്തടിക്കു
മൽപ്രസന്നചിത്തമേ, നീ!
നൊന്തിടുന്നതിത്തരത്തി-
ലെന്തു മുള്ളാണെന്മനസ്സിൽ?



Digitized By Kerala Sahitya Akademi

പ്രഭചിതൻമനസ്സിൽ മുള്ളോ?
ചിത്തമില്ലേ? നീ ചിരിക്കു!

വീട്ട വിട്ടിറങ്ങണമോ?
മോടിയേറും കാറു നില്പൂ!

എത്ര പേരാണെത്തി വാക്കൈ
പൊത്തിനില്പതെന്നരികിൽ!

കാൽ തിരുമ്മാൻ, കൈ തുടസ്സാൻ,
കാർമുടി പകുത്തു കെട്ടാൻ,

എണ്ണതേപ്പിച്ചെന്നുടലിൻ-
സൗവർണ്ണവർണ്ണമാററുകൂട്ടാൻ,
പൂന്തുകിൽ ഞെറിഞ്ഞു ചാർത്താൻ,
താന്തതകൾ വീശിയാററാൻ,

എന്നുവേ,ണ്ടിന്നെന്തിനുമെൻ-
മുന്നിലെത്ര കിങ്കരിമാർ!

മോടികൂടി, ധാടികൂടി,
നാടൻപെണ്ണൊരപ്സരസ്സായ്!

ബുദ്ധിയെന്നെക്കീഴടക്കി
മുഗ്ദ്ധ ഞാൻ പ്രശസ്തയായി—

—അപുണ്ണം



Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴക്കൃതികൾ

അനശ്വരഗാനം
അപരാധികൾ
അമൃതവീചി
അസ്ഥിയുടെ പൂക്കൾ
ആകാശഗംഗ
ആരാധകൻ
ഉദ്യാനലക്ഷ്മി
ഓണപ്പൂക്കൾ
കഥാരത്നമാലിക
കരടി
കലാകേളി
കല്ലോലമാല
കളിത്തോഴി
ചൂഡാമണി
തളിർത്തൊത്തുകൾ
തിലോത്തമ
തുടിക്കുന്ന താളുകൾ
ദിവ്യഗീതം
ദേവത
ദേവഗീത
ദേവയാനി
നർത്തകി
നിർവ്വാണമണ്ഡലം
നിർവൃതി
നീറുന്ന തീച്ചൂള
പാടുന്ന പിശാച്
പൂനിലാവിൽ
പെല്ലീസും മെലിസാന്ദയും
പ്രതികാരദുർഗ്ഗ
ബാഷ്പാഞ്ജലി
മഗ്ദലമോഹിനി
മഞ്ഞക്കിളികൾ
മണിവീണ
മദിരോത്സവം
മയൂഖമാല
മാനസാന്തരം
മാനസേശ്വരി
മോഹിനി
മൗനഗാനം
യവനിക
രക്തപുഷ്പങ്ങൾ
രമണൻ
രാഗപരാഗം
വത്സല
വസന്തോത്സവം
വിവാഹാലോചന
ശിഥിലഹൃദയം
ശ്മശാനത്തിലെ തുളസി
ശ്രീതിലകം
സങ്കല്പകാന്തി
സാഹിത്യചിന്തകൾ
സുധാംഗദ
സ്പന്ദിക്കുന്ന അസ്ഥിമാടം
സ്വരരാഗസുധ
ഹനേലെ
ഹേമന്തചന്ദ്രിക

* * *

Digitized By Kerala Sahitya Akademi

## ചില ചങ്ങമ്പുഴകൃതികൾ

### നിർവ്വാണമണ്ഡലം

ഇരുപത്തിരണ്ടു കൊച്ചുകവിതകൊണ്ടു നിർമ്മിച്ച നിർവ്വതികരമായ ഒരു നിർവ്വാണമണ്ഡലം. വില: 0_75

### ബാഷ്പാഞ്ജലി

ചങ്ങമ്പുഴയുടെ ആദ്യത്തെ കവിതാസമാഹാരം. ഏററവുമേറെ കവിതകൾ ഈ സമാഹാരത്തിലത്രേ.

വില: 1_50

### സ്പന്ദിക്കുന്ന അസ്ഥിമാടം

ഇരുപതു് ആത്മഗീതവും അമ്പത്തിയെട്ടു് ഉപഗീതവുമാണു് ഇതിലെ ഉള്ളടക്കം. ജീവിതയാഥാർത്ഥ്യങ്ങളുടെ ചോദനത്താൽ ഉദ്ബുദ്ധമായ ആത്മാർത്ഥതയുടെ ഗീതങ്ങൾ. വില: 2_25

### സങ്കല്പകാന്തി

ആംഗലസാഹിത്യത്തിൽ ലിറിക്സ് എന്നറിയപ്പെടുന്ന കാവ്യവിഭാഗത്തിൽ ഉൾപ്പെട്ട ഭാവാത്മകഗീതങ്ങളാണു് ഈ സമാഹാരത്തിലധികവും—മഹാകവി ഉള്ളൂരിൻെറ അവതാരിക. വില: 1_25

### രാഗപരാഗം

അനുപമസുന്ദരങ്ങളായ ഏതാനും അനുരാഗഗാനങ്ങളുടെ സമാഹാരം. വില: 1_00

മംഗളോദയം (പ്രൈവററ്) ലിമിററഡ്,
തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi